(ഇ) ഡിവിഷനിൽ ഉത്തരവുകളൊന്നും സൂക്ഷിച്ചിട്ടില്ല.

(എഫ്&ജി) പുതിയ മേൽപ്പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും രൂപകല്പന റോഡപകടങ്ങൾ ക്ഷണിച്ചുവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും റെയിൽവേ ഉദ്യോഗസ്ഥരുടെയും ഒരു യോഗം 22-6-2015-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വിളിച്ചുചേർക്കുകയും ബന്ധപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി :

1. സ്ഥലവാസികൾക്ക് യാത്രയ്ക്ക് അസൗകര്യമുണ്ടാകാത്തവിധത്തിൽ, പാലത്തിലേയ്ക്കുള്ള എല്ലാ സമീപ റോഡുകളും പൂർത്തിയാക്കുന്നതിന് തത്വത്തിൽ റെയിൽവേ സമ്മതിച്ചിട്ടുണ്ട്.

2. സ്ഥല ജനപ്രതിനിധികൾ (എം.എൽ.എ. & എം.പി.) അവരുടെ ആസ്തി വികസന ഫണ്ടിൽനിന്നും പഴയ പാലത്തിന്റെ സ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ പാലത്തിനാവശ്യമായ നിർമ്മാണത്തിനുള്ള തുക നൽകുന്നതാണ്.

പുതിയതായി നിർമ്മിക്കുന്ന റെയിൽവേ മേൽപ്പാലത്തിന് വടക്ക് വശത്ത് അപകടരഹിതമായ സംവിധാനം രൂപപ്പെടുത്തുവാനുള്ള അവശ്യ നടപടികൾ കൈക്കൊള്ളുവാനും ആയതിന് ഒരു വ്യക്തത വരുന്നതുവരെ നിലവിലുള്ള മേൽപ്പാലം പൊളിച്ചുനീക്കരുതെന്നും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൽപ്പറ്റ മണ്ഡലത്തിലെ മണിയങ്കോട് റോഡ്

238 (5323) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മണിയങ്കോട് റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡ് നന്നാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിങ്കുറ്റി പാലൂക്കര മണിയങ്കോട് കൽപ്പറ്റ റോഡിൽ കി.മീ. 0/000 മുതൽ 7/400 വരെ പൊതുമരാമത്ത് വകുപ്പ് പുനരുദ്ധാരണ പ്രവൃത്തി നടത്തിയിട്ടുണ്ട്. ബാക്കി മണിയങ്കോട് ജംഗ്ഷൻവരെ ഉള്ള ഭാഗം കല്പറ്റ മുനിസിപ്പാലിറ്റി മെയിന്റനൻസ് നടത്തി ഗതാഗത യോഗ്യമാക്കിയതുകൊണ്ടാണ് കി.മീ. 7/400-ന് ശേഷമുള്ള ഭാഗം ഈ പ്രവൃത്തിയിൽ ഉൾപ്പെടാതിരുന്നത്. എന്നാൽ ഈ റോഡിന്റെ കി.മീ. 7/000-നും 7/400-നും ഇടയിൽ പൊതുമരാമത്ത് വകുപ്പിനോട് അനുമതി വാങ്ങാതെ വാട്ടർ അതോറിറ്റി പൈപ്പിടാൻ കുഴിച്ചതിനാൽ ശോച്യാവസ്ഥയിലായിട്ടുണ്ട്. പ്രസ്തുത ഭാഗം പുനരുദ്ധാരണം ചെയ്യേണ്ടതുണ്ട്.

(ബി) കി.മീ. 7/000-നും 7/400-നും ഇടയിൽ (400 മീറ്റർ) പുനരുദ്ധാരണ പ്രവൃത്തി നടത്താൻ വാട്ടർ അതോറിറ്റിയോട് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭിച്ചാലുടൻ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അമ്പലപ്പുഴ പഴയ നടക്കാവ് റോഡ് നിർമ്മാണം

239 (5324) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ പഴയ നടക്കാവ് റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഴയ നടക്കാവ് റോഡിന്റെ നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ടെണ്ടർ ആണ് നൽകിയത് ; ആരാണ് കരാറുകാരൻ ; കരാർ അനുസരിച്ച് നിർമ്മാണം എന്ന് പൂർത്തിയാക്കേണ്ടിയിരുന്നു ; വ്യക്തമാക്കുമോ ;

(സി) ഈ റോഡിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തുക 7,62,27,240

കരാറുകാരൻ : പെലക്സി കെ. വർഗ്ഗീസ്,

കൊച്ചുകുടിയിൽ വീട്,

മേക്കടമ്പ് പി.ഒ., മൂവാറ്റുപുഴ,

റ്റി.ഒ.സി.-2-8-2013

കരാർ അനുസരിച്ച് പൂർത്തിയാക്കേണ്ടിയിരുന്ന തീയതി 2-8-2013.